## നിയമനിർമ്മാണകാര്യം

### 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബിൽ

മി. സ്പീക്കർ: ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ ആയിരത്തില ധികം ഭേദഗതികളുള്ള തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബിൽ ഇന്ന് ...............(ബഹളം).................. ഞാൻ പറയുന്നത് കേൾക്കൂ, പറഞ്ഞെങ്കിൽ മാത്രമല്ലേ നിങ്ങൾക്ക് അറിയാൻ കഴിയുകയുള്ളു. ...............(ബഹളം).................. യെസ്.........സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ഈ ബിൽ ബി.എ.സി. തീരുമാനപ്രകാരം അവതരണവും അനന്തര നടപടികളും ഇന്നത്തേയ്ക്കാണ് വച്ചിരുന്നത്. ബി.എ.സി. യുടെ തീരുമാനമനുസരിച്ച് സഭ അംഗീകരിച്ച പ്രമേയത്തിൽ പറഞ്ഞിരിക്കുന്ന ദിവ സത്തിൽ മാറ്റം വരും. അതുകൊണ്ട് 9-4-2013-ൽ ഈ ബിൽ എടുക്കുന്ന തിനുവേണ്ടി സഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. 9-4-13-ലെ ഷെഡ്യൂൾ അനുസരിച്ച് സംസ്ഥാന ജലവിഭവ റെഗുലേറ്ററി അതോറിറ്റി ബിൽ സബ്ജക്ട് കമ്മിറ്റിക്ക് പോയി മടങ്ങിവരുന്നില്ല. അതുകൊണ്ട് 9-4-2013 -ൽ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബിൽ എടുക്കുന്നതാ യിരിക്കും. മറ്റ് രണ്ട് ബില്ലുകൾ സബ്ജക്റ്റ് കമ്മിറ്റിക്ക് അയയ്ക്കാനുള്ളതാണ്. അത് അന്നേദിവസം പരിഗണനയ്ക്ക് എടുക്കുന്നതാണ്.

## താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

### 1) 2011-ലെ ഇൻഡ്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, 2011-ലെ ഇൻഡ്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വ്യക്തമാക്കിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: 2011-ലെ ഇൻഡ്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. അനൂപ് ജേക്കബ്: 1973-ലാണ് തുകകൾ നിലവിൽ വന്നത്. അതിൽ വ്യത്യാസം വരുത്തി ഹൈക്ക് ചെയ്യാൻ വേണ്ടിയാണ് സബ്ജക്ട് കമ്മിറ്റിക്ക് സമർപ്പിക്കുന്നത്.

മി. സ്പീക്കർ: 2011-ലെ ഇൻഡ്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

2) 2012-ലെ കേരള സിവിൽ കോടതി (ഭേദഗതി) ബിൽ

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, 2012-ലെ കേരള സിവിൽ കോടതി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വ്യക്തമാക്കിക്കൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി: 2012-ലെ കേരള സിവിൽ കോടതി (ഭേദഗതി) ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2012-ലെ കേരള സിവിൽ കോടതി (ഭേദഗതി) ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഓർഡർ......ഓർഡർ.........സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 08.30 ന് വീണ്ടും സമ്മേളിക്കുന്നതാണ്.

(2013 ഏപ്രിൽ മാസം 3-ാം തീയതി ബുധനാഴ്ച രാവിലെ 08.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 11.04-ന് പിരിഞ്ഞു.)

***********